MR. PUTHUPALLI S. KRISHNA PILLAI: Sir, in supporting the motion I wish to bring to the notice of the Director of Public Instruction the condition of the Averakala Vernacular school in Kunnathur taluk. When the Government lay down rules, they seem to lay down particular rules for accommodation in grant-in-aid institutions and a different sort of rules for accommodation in Government schools. This school Sir, which was formerly constructed by the inhabitants of the locality was estimated to accommodate 160 pupils. When it was handed over to Government they began to accommodate more and more and they have now reached a huge figure of 300 and still the Director of Public Instruction seems to be under the impression that no additional accommodation need be provided. Year after year provision was made in the budget but nothing was done in the matter. Now the Government have forgotten to make any provision for that in the present budget. The conditions referred to by my learned friend is more acceptable. Even though Government buildings are not provided at least thatched sheds ought to have been put up for the children to be housed in. I can understand when some such concessions are made. I am in full agreement with my friend Mr. S. Nilakanta Pillai, but I go one step forward in saying that for the schools where children are crammed together additional accommodation should be provided by putting up at least temporary sheds or by getting rented buildings wherever possible. Of course Government must construct buildings of their own. For instance in the particular case which I referred to a provision of about Rs. 400 is necessary. I don't say that lakhs and lakhs of rupees ought to be spent on this. All the emergent cases must be picked out by the Director of Public Instruction and attended to in time. I do not want to multiply instances and so I referred to one instance only. With these few observations Sir, I support the motion before the House.

MR. A. J. JOHN: Sir, I also support the motion. The object of supporting the motion is to bring to the attention of this House and Government about the present condition of the V. M. School at Vadayar in the Vaikam Taluk. The school is housed in an old dilapidated building constructed by the public some time back and handed over to Government. There is accommodation only for 260 pupils there. But in fact about 530 students are undergoing tution there. Some of the classes are conducted on the Verandah.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: Order, order. I think for the information of the House I may say that the members who are passing out are to observe one thing. They are not to pass out between the Chair and the member who is in possession of the House. For instance Mr. Velayudhan was passing out between the Chair and the honourable member who was speaking. I am only mentioning it because generally speaking the rule is that no honourable member should pass out of the House between the honourable member who is speaking and the President.

MR. A. J. JOHN: The public collected the necessary amount and paid the amount to Government and the Government acquired the land necessary for constructing a new building. About three years ago an estimate was prepared for the construction of a building for the school. But nothing has been done in the matter as yet. My submission is that immediate steps should be taken to construct a new building at Vadayar and the present school shifted to that new building. With these observations I support the motion.

DR. K. L. MOUDGILL: Sir, during the course of the discussion on this motion a few general questions have been raised and some specific instances given. So far as specific instances are concerned, I may say that they will be looked into during the course of the year and as far as possible satisfactory remedial action will be taken on them. The question of providing buildings is not a simple one. There are a number of difficulties in the way such as the difficulty of sites and of funds. Sir, for the information of the House I may mention that Government have now resolved that money should not be wasted on brick and mortar and adequate provision should be made for accommodation of pupils provided that too much expense is not incurred on adornments and other luxuries. Again, I may inform the House that a number of old estimates which were prohibitive and alarming in nature are being reduced. To mention a particular instance which the honourable member, the mover, brought to the notice of the House *i. e.*, with regard to a school in Chirayinkil, the original estimate for that school was Rs. 2,900 and now the estimate is reduced to Rs. 1,640 with a view to better the chance for that school being constructed at an earlier date. Another instance I may cite. We have estimated for a sum of Rs. 980 or so for another school. The only reason why that work was not begun this year was that it would not have been possible to finish it in the course of this year and there would have been difficulties in the matter of payments. As soon as funds are sanctioned, efforts will be renewed to supply that school with a building. Government are fully alive to the situation and realise that the provision of school buildings is a severe but necessary call upon their purse. I may mention that during the course of last year a sum of Rs. 30,000 was diverted from other sources in order to find more founds for putting up buildings. The buildings that we want are no longer of the expensive types. There are workable plans that could be used for the construction of buildings on a larger scale. We

LIBRARY ARCHIVES Kerala Legislative Assembly

will endeavour to find the funds for these buildings and try gradually to mitigate the grievances of the public on this matter as far as possible.

MR. PULIYOOR T. P. VELAYUDHAN PILLAI: Is there not a type design for the construction of buildings for primary schools?

PRESIDENT: I thought the honourable member was trying to tell the House that a type design is too expensive and the Government are revising the designs of those expensive types.

MR. S. NILAKANTA PILLAI: In view of the assurance given by the Director of Public Instruction I beg leave to withdraw the motion.

The motion by leave of the House was withdrawn.

Motion No. 86.

MR. P. C. ADICHAN: സർ, ഞാൻ വൺ-ാംനമ്പർ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു. അവശസമുദായങ്ങൾക്കു വിദ്യാഭ്യാസം സംബന്ധമായ കൂടുതൽ സഹായങ്ങളും ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിന്നും ചെയ്തുകൊടുക്കണമെന്നു അഭ്യർത്ഥിക്കുന്നതിനായിട്ടാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അവശസമുദായത്തിനു വിദ്യാഭ്യാസം വേണമെന്നു പറയുന്നതിന്റെ അർത്ഥം കുറഞ്ഞപക്ഷം പ്രാഥമിക വിദ്യാഭ്യാസമെങ്കിലും അവർക്കു വേണം എന്നാകുന്നു. അതോടൊപ്പംതന്നെ ഞങ്ങളും മനുഷ്യരാണെന്നു ചിന്തിക്കാനുള്ള ധൈര്യം ഞങ്ങൾക്കു് ഉണ്ടാക്കിക്കൊടുക്കണമെന്നു അപേക്ഷിക്കുന്നു. ഞങ്ങളിൽ കുറെപേക്കെങ്കിലും അതു ഉണ്ടായിരിക്കേണ്ടതാണു്. ഒരു രാജ്യത്തെ പൌരൻ എന്ന നിലയിൽ ഞങ്ങൾക്കുണ്ടായിരിക്കേണ്ട ബോധവും അവകാശവും ഞങ്ങളിൽതന്നെ ഉണ്ടാകത്തക്കവണ്ണം മറ്റുള്ളവരോടൊപ്പം ഇല്ലെങ്കിലും മറ്റുള്ളവരെ പറഞ്ഞറിയിക്കാൻ കഴിവുള്ള എതാനുംപേരെ എങ്കിലും ഞങ്ങൾക്കു ലഭിക്കണം. അതരത്തിലുള്ള വിദ്യാഭ്യാസം ഞങ്ങൾക്കു ലഭിക്കണമെന്നാണു് ഞങ്ങൾ അപേക്ഷിക്കുന്നതു. ഇപ്പോൾ ഹൃദയവേദന ഉണ്ടാകുന്ന ഒരു സംഗതി എന്റെ ഓർമ്മയിൽ വരുന്നു. കഴിഞ്ഞ എലക്ഷൻ കാലത്തു് മനസ്സില്ലാത്തവരെ സ്വാധീനശക്തിയുപയോഗിച്ചു് വോട്ടു ചെയ്യിക്കുന്നതിനു് ഇരുട്ടറയിൽ പിടിച്ചുകൊണ്ടിട്ടു ശുദ്ധവായുപോലും ശ്വസിക്കാൻ ഇടവരാതെയാക്കിത്തീർത്തതു് വളരെ ഹൃദയവേദനയെയാണുണ്ടാക്കുന്നതു്. ഒരു ദേശത്തു് എന്തെങ്കിലും കായ്വരുമ്പോൾ അവനവന്റെ കായ്വും പറഞ്ഞു വാങ്ങിക്കുവാനുള്ള ശക്തിയും സ്വാധീനവും ഞങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ ഞങ്ങളെ ഇരുട്ടറയിൽതള്ളി ശുദ്ധവായു ശ്വസിക്കുവാൻപോലും അനുവദിക്കാതെ മറ്റുള്ളവർ കൈക്കലാക്കാൻ സാധിക്കുകയില്ലായിരുന്നു. വിദ്യാഭ്യാസമുള്ള ആളുകളുടെ കുറവാണു് ഇതിന്റെ കാരണം. ഞങ്ങളുടെ കൂട്ടത്തിൽ വിദ്യാഭ്യാസമുള്ള ഒരു ആളെങ്കിലും ഉണ്ടെങ്കിൽ കുറേപ്പേരെ വിദ്യാഭ്യാസമുള്ളവരാക്കിത്തീർക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

ന്നതിനും കഴിയുന്നതാണ്. അതുകൊണ്ട് ഒരു കരയിൽ ഒരാളെയെങ്കിലും ശരിയായ പൌരബോധം ഉള്ളവനാക്കിത്തീർക്കുന്നതിനുള്ള വിദ്യാഭ്യാസസഹായങ്ങൾ ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കണമെന്നാകുന്നു എന്റെ വിനീതമായ അപേക്ഷ. അങ്ങിനെ ക്രൂരതൽ സഹായം ചെയ്തുകൊടുക്കണമെന്നു പറയുമ്പോൾ മറെറാരു സംഗതിക്കൂടി എന്റെ ഓർമ്മയിൽ വരുന്നു. ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും കഴിഞ്ഞവർഷത്തിൽ മൂന്നും നാലും ക്ലാസുകളിൽ പഠിക്കുന്ന അവശസമുദായത്തിൽപ്പെട്ട കുട്ടികൾക്കായി ചെയ്തുകൊടുത്ത വിലയേറിയസഹായങ്ങളെ ഞാൻ വിസ്മരിക്കുന്നില്ല. അതിൽ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു. അതിനു വേണ്ടി ഞങ്ങൾ കൃതജ്ഞത പറയുകയും ചെയ്യുന്നു. ഈ വർഷത്തിൽ കേരളഹരിജനസേവാസംഘം മുഖേന ഫ ൫ ൦ ൦ രൂപ പുസ്തകങ്ങൾ വാങ്ങിക്കുന്നതിനായി ഞങ്ങൾക്കു സൌജന്യമായിത്തന്നിട്ടുണ്ട്. അതിൽനിന്നും ഫ ൦ ൦ രൂപക്കുള്ള പുസ്തകം വാങ്ങിച്ചു് വിതരണം ചെയ്യപ്പെട്ട കൂട്ടത്തിലുള്ള ഒരാളാണ് ഞാനും. എന്നാൽ ഇതിൽ അതായതു് കുറവ സമുദായത്തിനുമാത്രം ഫ ൦ ൦ രൂപാക്കുള്ള പുസ്തകം വാങ്ങിച്ചപ്പോൾ ഈ സൌജന്യം അനുഭവിക്കാനിടവന്നിട്ടുള്ള അംഗങ്ങൾ അങ്ങുമിങ്ങുമായി ഒന്നോ രണ്ടോ പേർ മാത്രമാകുന്നു. ഇന്നു രാവിലെ ഞാൻ ചോദിച്ച മൂന്നാ-ാ നമ്പർ ചോദ്യത്തിനുത്തരമായി കൃഷിപ്പാടങ്ങളിൽ ജോലിചെയ്യുന്ന കൂലിക്കാർക്ക് എന്തു കൂലി കിട്ടുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിഞ്ഞുകൂടാ എന്നു് അതിനു മറുപടി പറഞ്ഞതു്. എന്നാൽ ഇവിടെ പറഞ്ഞതു് മൂന്നരച്ചക്രം അതുണ്ടെന്നാണു്. ഒരു പുരുഷൻ ഒരു ദിവസം മുഴുവൻ വേലചെയ്താൽ കിട്ടുന്ന യഥാർത്ഥമായ കൂലി ഒന്നര നെല്ലാണു്. ഒരു സ്ത്രീക്കു ഇടങ്ങഴിനെല്ലും. അങ്ങിനെ സ്ത്രീക്കും പുരുഷനുംകൂടി കൂടിയാൽ രണ്ടേമുക്കാൽ ചക്രമാണു് ഒരുദിവസം കിട്ടുന്ന കൂലി. ഇതുകൊണ്ടു് എങ്ങിനെയാണു അവരുടെ നാലഞ്ചു കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതെന്നു് ഗവണ്മെൻറു് ആലോചിക്കണം. ഇതിനു ഒരു പ്രതിവിധി ഉണ്ടാക്കണമെന്നാണു് ബഹുമാനപ്പെട്ട ഗവണ്മെൻറിനോടു എനിക്കു പറയുവാനുള്ളതു്. സ്കൂളിലെ വിദ്യാഭ്യാസസൌകര്യാർത്ഥം പല സഹായങ്ങളും ഗവണ്മെൻറു ചെയ്തുതരേണ്ടതായുണ്ടു്. കൊച്ചിയിൽ സ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു് ഗവണ്മെൻറു പുസ്തകം വാങ്ങിച്ചു കൊടുക്കുന്നു; ഫീസു ഇളവുചെയ്യുന്നു; ക്രൂരാതെ സ്റ്റൈപ്പെൻറും കൊടുക്കുന്നു. കാളേജുകളിൽ പഠിക്കുന്നവർക്കു് ഫീസുമുഴുവൻ ഇളവുചെയ്തുകൊടുക്കുന്നു. ഇതിനും പുറമേ പുസ്തകവും അങ്ങിൽ രണ്ടു തവണയാ

LIBRARY ARCHIVES Kerala Legislative Assembly

വസ്ത്രവും വാങ്ങിച്ചുകൊടുക്കുന്നുണ്ട്. ഈ സൗജന്യങ്ങളെല്ലാം തിരുവിതാംകൂറിലുള്ള അവശസമുദായത്തിൽപ്പെട്ട കുട്ടികൾക്കും ചെയ്തുകൊടുക്കണം. ഇവിടെ കാളേജിൽ പഠിക്കുന്ന കുട്ടികൾക്ക് ഫീസ് സൌജന്യം ചെയ്തുകൊടുക്കുന്നുണ്ടെന്നുള്ള കഥ ഞാൻ വിസ്മരിക്കുന്നുമില്ല. എന്നാൽ ആണ്ടവസാനത്തിൽ മാത്രമേ ആ സൌജന്യം അവർക്കു പ്രയോജനപ്പെടുന്നുള്ളു. യാതൊരു നിവൃത്തിയുമില്ലാത്ത ആളുകൾക്കു ആ സൌജന്യം ലഭിക്കുന്നതുവരെയുള്ള പഠിത്തം പൂർത്തിയാക്കുന്നതിനു പ്രതിമാസം കൊടുക്കേണ്ട പത്തോ പന്ത്രണ്ടോ രൂപ കടം വാങ്ങേണ്ടിയിരിക്കുന്നു. അതിനു സാധ്യമല്ലാതെ വരുന്ന ആളുകൾ ധാരാളമുണ്ട്. അതുകൊണ്ട് നേരത്തേ ഫീസ് സൌജന്യം അനുവദിച്ചുകൊടുക്കണമെന്നാണ് എനിക്കു രണ്ടാമതായി അഭ്യർത്ഥിക്കുവാനുള്ളതു്.

ഇവിടത്തെ ഹരിജനസേവകസംഘം വകയായി നൂറു ഹരിജനസ്കൂളുകൾ നടത്തുന്നതായിട്ടാണ് കാണുന്നതു്. ഈ നൂറു സ്കൂളുകൾക്കും ഗവണ്മെൻറിൽനിന്നും ഗ്രാൻറുകൾ കൊടുക്കുന്നില്ലെന്നാണ് അറിയുന്നതു്. ഇങ്ങനെയുള്ള എല്ലാ സ്കൂളുകളും ഗവണ്മെൻറു പ്രത്യേകം ഗ്രാൻറു കൊടുക്കുവാൻ കഴിയുമോ എന്നു ചോദിച്ചേക്കാം. ക്ഷേത്രപ്രവേശനം അനുവദിച്ചിരിക്കുന്ന ഈ കാലത്തു എന്തിനാണ് ഹരിജനങ്ങൾക്കായി മാത്രം പ്രത്യേകം സ്കൂളുകൾ വയ്ക്കുന്നതു് എന്നുള്ള ചോദ്യവും ഉണ്ടായേക്കാം. എന്നാൽ ഒരു കാര്യം ഓർമ്മിക്കണം. ഈ സ്കൂളുകൾകൊണ്ടു ഉദ്ദേശിക്കുന്നതു് ഞങ്ങളുടെ കുട്ടികൾ മറ്റു സവർണ്ണകുട്ടികളുമായി സഹകരിച്ചു പെരുമാറാൻ പഠിപ്പിക്കുക എന്നുള്ളതാണ്. അതുകൊണ്ടു് അതിലേക്കു വേണ്ട സൌകര്യങ്ങൾ ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കേണ്ടതാണ്. കൂടാതെ ഇവർക്കു സാങ്കേതികമായ വിദ്യാഭ്യാസം ലഭിക്കുന്നതിനായി കുറെപ്പേരെയെങ്കിലും വെളിയിലയച്ചു പഠിപ്പിച്ചുവരുത്തണമെന്നും അപേക്ഷിക്കുന്നു.

MR. T. C. KESAVA PILLAI : സർ, മി: ആദിച്ചൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ദക്ഷിണതിരുവിതാംകൂറിലുള്ള വണ്ണാന്മാർ, കുറവന്മാർ മുതലായ അവശസമുദായത്തിൽപെട്ട ആളുകൾക്കു വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗങ്ങൾകിട്ടുന്നില്ല എന്നുള്ള ഒരു വലുതായ സങ്കടം പലപ്പോഴും അവർ ഹർജികൾ മുഖേന പബ്ലിക്ക് സർവീസു കമ്മീഷണർക്കും എഡ്യൂക്കേഷൻ ഡയറക്ടർക്കും അയച്ചതായിട്ടാണറിയുന്നതു്. ഈ സമുദായാംഗങ്ങൾക്കു് അധികം വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തതുകൊണ്ടു ഡിപ്പാർട്ടുമെൻറിൽനിന്നും ഉദ്ദേശിച്ചി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ട്ടുള്ള പ്രത്യേക യോഗ്യതകൾ—അതായത് ടയിനിംഗ് മുതലായവ—ഇല്ലാത്തതുകൊണ്ടാണ് അവർക്ക് അവിടെ പ്രവേശനം ഇല്ലാത്തതെന്നറിയുന്നു. അതുകൊണ്ട് തൽ പരിഹാരാർത്ഥം ഇത്തരം സമുദായങ്ങൾക്ക് ഒരു പ്രത്യേക കൺസെഷൻ കൊടുത്തു് ഇവർക്ക് ഉദ്യോഗങ്ങൾ കൊടുക്കണമെന്നപേക്ഷിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. T. T. KESAVAN SASTRI : സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ അവശജനങ്ങൾക്കു കൂടുതൽ സൗജന്യങ്ങൾ നൽകണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. നമ്മുടെ ഗവണ്മെൻറിൽനിന്നും അവശജനങ്ങളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഗണ്യമായ സഹായസഹകരണങ്ങൾ ചെയ്തുപോരുന്നുണ്ട്. അതിന് ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. എന്നാൽ ജനസംഖ്യയിൽ ഒട്ടുവളരെയുള്ള ഈ സമുദായത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾ എല്ലാംതന്നെ യഥാവിധി നിർവഹിക്കത്തക്കവിധത്തിൽ ഗവണ്മെൻറിന്റെ ഇന്നത്തെ സഹായങ്ങൾ കേവലം പരിമിതമായിട്ടാണിരിക്കുന്നതു്. ഈ ഘട്ടത്തിൽ പ്രാഥമികവിദ്യാഭ്യാസം മാത്രമല്ല ഉപരിവിദ്യാഭ്യാസവും ഉന്നമനവും സമ്പാദിക്കുന്നതിനായി കൂടുതൽ വേണ്ട എല്ലാ സഹായവും ഗവണ്മെൻറു ഇനിയും ചെയ്തുകൊടുത്തില്ലെങ്കിൽ ഈ വിഷയത്തിൽ ഇവർക്കുള്ള പിന്നാക്കസ്ഥിതി അത്രയെളുപ്പം മാറുന്നതല്ല. ഏകദേശം പത്തു പതിനഞ്ചു വർഷങ്ങൾക്കു മുൻപ് മുതൽ ഗവണ്മെൻറു ചെയ്തുവരുന്ന ചെറിയ ചെറിയ സഹായങ്ങൾകൊണ്ടുമാത്രമാണു വിദ്യാഭ്യാസത്തിൽ ഇത്രയുമെങ്കിലും ഇവർ മുന്നോട്ടു വന്നിട്ടുള്ളതു്. അടുത്തുകഴിഞ്ഞ കൊല്ലങ്ങളിൽ മാത്രമാണ് കാളേജ് വിദ്യാഭ്യാസത്തിനു് അവശജനങ്ങൾക്കു ഫീസ് സൗജന്യം ഗവണ്മെൻറു സദയം അനുവദിച്ചിട്ടുള്ളതു്. ഇതിനുമുമ്പു് ഇവർക്കു് മലയാളം, ഇംഗ്ലീഷ്, സംസ്കൃതം തുടങ്ങിയുള്ള പ്രാഥമികവിദ്യാഭ്യാസത്തിനായിമാത്രം ആയിരുന്ന ഫീസ്സ് സൗജന്യങ്ങൾ ഗവണ്മെൻറു ചെയ്തിരുന്നതു്. ഇപ്പോൾ കാളേജ വിദ്യാഭ്യാസത്തിനും ഇതാ സൗജന്യം ലഭിച്ചിരിക്കുന്നു പക്ഷേ ഇതു കൊണ്ടുമാത്രം എല്ലാവർക്കും പൂർണ്ണമായ വിദ്യാഭ്യാസം ലഭിച്ചു എന്നുവരുന്നതല്ല. നിർദ്ധനത്വത്താലും ജീവിതസൗകര്യക്കുറവിനാലും വലയുന്ന അവശസമുദായങ്ങൾക്കു് സ്കൂളുകളിൽ പോകുന്നതിനും വേണ്ടവണ്ണം വിദ്യാഭ്യാസം സംപാദിക്കുന്നതിനും സാധ്യമല്ലാതെവരുന്നു. സാമ്പത്തികാവസ്ഥയിലും സാമൂഹ്യനിലയിലും അവശ

LIBRARY ARCHIVES Kerala Legislative Assembly

സമുദായക്കാർ വളരെ വളരെ പിന്നോക്കമാണല്ലോ. അതിനാൽ ഒരു സംഗതി ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. സർ, ഗവണ്മെൻറ് ഇപ്പോൾ ചെയ്യുപോരുന്ന സഹായസഹകരണങ്ങൾക്കും പുറമെ ഒരു കാര്യംകൂടി ചെയ്യുതരണമെന്നപേക്ഷ. തിരുവനന്തപുരംപട്ടണത്തിൽ അവശജനങ്ങളെ സംബന്ധിച്ചിടത്തോളം സവ്വചെലവുകളും ദയവായി ചെയ്യുകൊടുക്കുന്ന ഒരു ഫ്രീഹരിജനഹോസ്റ്റൽ സ്ഥാപിക്കുകയും ആ ഹോസ്റ്റലിൽ താമസിക്കാൻ വരുന്ന എല്ലാ അവശജനവിദ്യാത്ഥികളെയും കാളേജ് വിദ്യാഭ്യാസം ചെയ്യുന്നതിനു സഹായിക്കുകയും ചെയ്താൽ അതു് പൊതുവേ അവശസമുദായത്തിൽപ്പെട്ടവരുടെ ഉപരിവിദ്യാഭ്യാസത്തിന് ഏറ്റവും പ്രേരകമാരിത്തീരുന്നതാണു്. വിദേശങ്ങളിൽ പോയി ഉപരിവിദ്യാഭ്യാസം നടത്തി മടങ്ങി വരിക എന്നുള്ളതു് എല്ലാ സമുദായക്കാരും ചെയ്യുപോരുന്നുണ്ടെങ്കിലും തിരുവിതാംകൂറിനുവെളിയിൽ ഇന്നുവരെ അവശസമുദായത്തിൽപ്പെട്ട ഒരു കുഞ്ഞുപോലും ഉപരിവിദ്യാഭ്യാസത്തിനായി പോയിട്ടില്ല എന്നുള്ള സംഗതിയും ഗവണ്മെൻറിനെ അറിയിച്ചു കൊള്ളുന്നു. ആ കുറവുള്ളതുകൊണ്ട് ഇവർക്കു് ഇവരുടെ സുശോഭനമായ ഒരു ഭാവിയെ കാണാൻ സാദ്ധ്യമല്ലാതെ വരുമെന്നുള്ള വസ്തുത വ്യസനസമേതം പറയാതിരിക്കാൻ തരമില്ല. ഇപ്പോൾ ഗവണ്മെൻറിൽ നിന്നും ഹരിജന പ്രസ്ഥാനങ്ങൾ വഴിയായും മറു ചില സാമൂഹ്യ പ്രസ്ഥാനങ്ങൾ വഴിയായും ദയവായി നൽകുന്ന ചെറിയ ചെറിയ സഹായങ്ങൾ കൊണ്ടു് മാത്രം ഇവരുടെ ഇതിലുമധികമായ ഭാവിയെ നിലനിറുത്തുവാൻ പ്രയാസമായിട്ടാണു് കാണുന്നതു്. അതുകൊണ്ടു് എനിക്കു് ഏറ്റവും വിനയപൂർവ്വം ഗവണ്മെൻറിനോടപേക്ഷിക്കുവാനുള്ളതു് ഗവണ്മെൻറിൽ നിന്നും തന്നെ എത്രയും വേഗത്തിൽ ഒരു ഹരിജനഹോസ്റ്റൽ തിരുവനന്തപുരം പട്ടണത്തിൽ സ്ഥാപിക്കുകയും അങ്ങിനെ അവശജനങ്ങളെ കാളേജ് വിദ്യാഭ്യാസത്തിനും മറുവിദ്യാഭ്യാസത്തിനും പ്രേരിപ്പിക്കുകയും ചെയ്യണമെന്നുള്ളതാണു്. ഗവണ്മെൻറ് ഇതിൽ പ്രത്യേകംശ്രദ്ധിക്കുമെന്നാണു് എൻറെവിശ്വാസം.

MR. THARIATHU KUNJITHOMMEN : സർ, വിദ്യാഭ്യാസവിഷയത്തിൽ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതിക്കായി ഗവണ്മെൻറിൽ നിന്നും പ്രത്യേകം ഗ്രാന്റു് വേണ്ടതു് ചെയ്യണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഇവിടെ ആളോഹരി കണക്കനുസരിച്ചു നോക്കുമ്പോൾ ആളൊന്നുക്കു് ഒരു രൂപ വീതം വിദ്യാഭ്യാസച്ചെലവിലേക്കായി ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

നീക്കിവച്ചിട്ടുണ്ടെന്നു കാണുന്നു. ഇതു് വളരെ ശ്രേയസ്കരമായ ഒരു കാര്യമാണു്. ഇതിൽ വലിയ പംകും ഉയന്തരം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നതായിട്ടാണു കാണുന്നതു്. അതുകൊണ്ടു പിന്നാക്കം നിൽക്കുന്ന സമുദായക്കാർക്കു് പറയത്തക്ക ഗുണമൊന്നുമില്ല. ആ തുക ജനസംഖ്യ അനുസരിച്ചു് അതാതു സമുദായക്കാരുടെ വിദ്യാഭ്യാസത്തിനായി ചെലവഴിച്ചാൽ അതായതു് ഈ അവശസമുദായക്കാരുടെ ജനസംഖ്യ അനുസരിച്ചുള്ള തുക അവരുടെ വിദ്യാഭ്യാസത്തിനായി ചെലവു ചെയ്താൽ അവരുടെ സ്ഥിതി വളരെ ഉയർന്നനിലയിൽ എത്തിക്കൊള്ളുമെന്നുള്ളതിനു് സംശയമില്ല. അവർക്കു് ഇപ്പോൾ ജനസംഖ്യ അനുസരിച്ചു കിട്ടുവാനുള്ള സംഖ്യയുടെ മൂന്നിലൊന്നുപോലും കിട്ടുന്നില്ല. എന്തെന്നാൽ ഉയർന്ന വിദ്യാലയങ്ങളിൽ അവരുടെ കുട്ടികൾ തീരെയില്ല. ഉയർന്ന വിദ്യാലങ്ങൾക്കാണല്ലോ അധികച്ചിലവു്. കുറുടനു സൂര്യപ്രകാശമോ ദീപമോകൊണ്ടു് പ്രയോജനമില്ലാത്തതുപോലെയാണു് ദാരിദ്ര്യംകൊണ്ടു കഷ്ടപ്പെടുന്ന ഇവക്കും വിജ്ഞാനദീപങ്ങളായ കാളേജുകൾകൊണ്ടു പ്രയോജനമില്ലാതെ പോകുന്നതു്. കാളെജുകളിലോ ടെയിനിംഗ് കാളേജിലോ ലാക്കാളേജിലൊ അവരുടെ വിദ്യാർത്ഥി കാണുകയില്ല. വിദ്യാഭ്യാസത്തിന്റെ മൊത്തച്ചിലവിൽ അവർക്കു ചെല്ലേണ്ട അംശം അവക്കു് എല്ലാത്തരത്തിലുമുള്ള വിദ്യാഭ്യാസത്തിനായി എല്ലാസ്ഥാപനങ്ങളിലും പ്രത്യേകസൗജന്യങ്ങൾചെയ്തുകൊടുക്കുന്നതിനായി വിനിയോഗിക്കണം. അതിലേക്കു യാതൊരു തരത്തിലും ജനസംഖ്യ അനുസരിച്ചു് അവർക്കു് ചെല്ലേണ്ടതിൽ കവിഞ്ഞ യാതൊരു സൗജന്യവും അവർക്കു ചെയ്തുകൊടുക്കണമെന്നില്ല. ഒരു ഉന്നമേശയിൽ ആഹാരസാധനങ്ങൾ വിളമ്പിവച്ചുകൊണ്ടു കുടുംബത്തിലുള്ളവരെല്ലാം ഭക്ഷിച്ചുകൊള്ളണമെന്നു പറഞ്ഞാൽ അവിടെ കുഞ്ഞുങ്ങളുടെ കൈയ്യു് എത്തുകയില്ല. അവക്കു് ആഹാരം താഴെവച്ചുകൊടുക്കണം. അതുപോലെയാണു് അവശസമുദായക്കാരുടെ സ്ഥിതി. അവരിൽപ്പെട്ട സാധാരണ ബാലികാബാലന്മാക്കു് പുസ്തകങ്ങൾ വാങ്ങിക്കുവാനുള്ള സൗകര്യംപോലും ദാരിദ്ര്യംമൂലം ഇല്ല. അതിനാൽ അവക്കു് സ്കൂളിൽ ഒരുനേരത്തെ ആഹാരത്തിനുള്ള വകയും വസ്ത്രവും പുസ്തകങ്ങളും മറ്റും നൽകി അവരുടെ വിദ്യാഭ്യാസത്തെപ്രോത്സാഹിപ്പിക്കേണ്ടതാണു്. ക്രൂടാതെ കാളേജുകൾ, ഹൈസ്കൂളുകൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളിലും കുറെപ്പേരെയെങ്കിലും ഗവണ്മെൻറിൽ നിന്നും വേണ്ടതെല്ലാം നൽകി അയച്ചു പഠിപ്പിച്ചു നല്ലനിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരണം. ഇങ്ങനെ ചെയ്താൽ കുറെക്കാലം കഴിയുമ്പോൾ അവരുടെ വിദ്യാഭ്യാസപരവും സാമൂഹ്യവുമായ നില ഉയർന്നു വരുമെന്നുള്ളതിനു സംശയമില്ല. നാട്ടിന്റെ പൊതുവായ ഉയർച്ചക്കു് അവരും ഉയരേണ്ടിയിരിക്കുന്നു. അവരുടെ നില നന്നാക്കാൻ അവരെത്തന്നെയാണു ഉപയോഗിക്കേണ്ടതു്. അതിനു് അവരെ കുറേപ്പേരെ ഉടനേപഠിപ്പിച്ചു മറ്റുള്ളവരുടെയിടയിൽ വേലചെയ്യാനയക്കണം. ഒരു സമുദായത്തിൽ ഉന്നതപരീക്ഷാവിജയികൾ കുറെപ്പേർ ഉണ്ടായാൽ സമുദായം പരക്കെ നല്ലനിലയിൽ വരുന്നതിനു അവരിൽ ചിലരെങ്കിലും പരിശ്രമിക്കു. ഉദാഹരണമായി അമേരിക്കയിലെ ബുക്കർ ടി. വാഷിംഗ്ട്ടന്റെ കാര്യം എടുക്കാവുന്നതാണു്. നീഗ്രോ ആയ ബുക്കർ ടി. വാഷിംഗ്ടൻ അമേരിക്കയിൽ അദ്ദേഹത്തിന്റെ വർഗ്ഗത്തിൽപെട്ടവരുടെ വിദ്യാഭ്യാസത്തിനായിചെയ്തിട്ടുള്ള പരിശ്രമിങ്ങളും അവയുടെ ഫലങ്ങളും പ്രസിദ്ധമാണു്. അതിനാൽ പിന്നാക്കസമുദായങ്ങളുടെ ഇടയിൽ നിന്നു തന്നെ ചിലക്കു നല്ല വിദ്യാഭ്യാസമുണ്ടാക്കി കൊടുത്തുഅവരെകൊണ്ടുതന്നെ അവരെ ഉയർത്തുവാനാണു് ഗവണ്മെൻറു ശ്രമിക്കേണ്ടതു്. അതിനു് വിദ്യാഭ്യാസത്തിനുള്ള മൊത്ത സംഖ്യയിൽ അവരുടെ ജനസംഖ്യ അനുസരിച്ചുള്ള തുക അവരുടെ വിദ്യാഭ്യാസത്തിനായി മാത്രം നീക്കിവച്ചാൽ മതിയാകുന്നതാണു്.

MR. K. KESAVAN: സർ, ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. പിന്നോക്കസമുദായങ്ങളിൽപെട്ട അംഗങ്ങൾക്കു ഗവണ്മെൻറിൽനിന്നും ചെയ്യുന്ന സഹായങ്ങൾ. അവരുടെ ഇന്നത്തെ പരിതഃസ്ഥിതിക്കു് ഒട്ടും തന്നെ പര്യാപ്തമായിട്ടുള്ളതല്ല. അവർ ഈ നാട്ടിന്റെ ഐശ്വര്യത്തിനു വേണ്ടി രാപ്പകൽ എന്നില്ലാതെ പാടങ്ങളിൽ ഇറങ്ങി ജോലി ചെയ്യുന്നവരാണെന്നുള്ള വിവരം ഗവണ്മെൻറിനും അറിയാമെന്നാണു് എന്റെ വിശ്വാസം. പക്ഷെ അവർ മറ്റുള്ളവർക്കുവേണ്ടി ജോലിചെയ്യുകയും മറ്റുള്ളവരുടെ ജീവിതസൌകര്യങ്ങൾക്കുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നവരാണെങ്കിലും അങ്ങിനെയുള്ളവരിൽനിന്നും യാതൊരു സഹായസഹകരണങ്ങളും അവർക്കു ലഭിക്കുന്നില്ല. അവർക്കു കിട്ടുന്ന കൂലിയോ വളരെ തുച്ഛമാണു്. ശരിയായി ആഹാരം കഴിക്കുന്നതിനുള്ള വഴിപോലും മനോരം ഇരുട്ടുന്നതുവരെ ജോലിചെയ്താലും അവർക്കു ലഭിക്കുന്നില്ല. ഈ പരിതഃസ്ഥിതികൾ ഗവണ്മെൻറിനു നല്ലതുപോലെ അറിയാമെന്നാണു് എന്റെ വിചാരം. അവർക്കു വേണ്ടതരത്തിൽ വിദ്യാഭ്യാസവിഷയത്തിൽ സഹായങ്ങൾ നൽകുന്നതിനുള്ള കഴിവു് ഗവണ്മെൻറിനില്ലെന്നു തോന്നുന്നപക്ഷം അതിലേക്കു വേണ്ട ഒരു നിർദ്ദേശവും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kesavan]

നാംകാം. അതു നടപ്പിൽ വരുത്തുന്നതിനു ഗവണ്മെൻറ് ആത്മാർത്ഥമായി വിചാരിച്ചാൽ സാധിക്കുകയും ചെയ്യും. നമ്മുടെ ധനകാര്യദർശിവളരെ ഉച്ചമായ ഒരു വേതനം സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കഴിവുകളെ ഈ നാട്ടിന്റെ അനുഗ്രഹത്തിനായി ചിലവഴിക്കുന്നവിവരം നമുക്കറിയാമല്ലോ. ആ സൌജന്യബുദ്ധി—ആ ത്യാഗം—നമ്മുടെ നാട്ടുദ്യോഗസ്ഥന്മാക്കും ഉണ്ടായാൽ മതി. പിന്നോക്കം നിൽക്കുന്ന സമുദായാംഗങ്ങൾ ഈ ഉദ്യോഗസ്ഥന്മാരുടെ സഹോദരസമുദായങ്ങളിൽപ്പെട്ടവരാണെന്നുള്ള കരുണയോടുകൂടി അവക്ക് ഇന്നു കിട്ടുന്ന ശമ്പളത്തിന്റെ ഒരു ശതമാനം എങ്കിലും അവശസമുദായങ്ങളുടെ വിദ്യാഭ്യാസസൌകര്യത്തിനുവേണ്ടി നീക്കിവെച്ചാൽ മാത്രം മതി. അവക്ക് അതുകൊണ്ട് ഒരു കുറവും വരാനുമില്ല. ഈ വ്യവസ്ഥ ഗവണ്മെൻറിൽനിന്നും നടപ്പിൽ വരുത്തുന്നപക്ഷം ഫീസ് മാത്രമല്ല, പുസ്തകങ്ങളും വേണ്ടിവന്നാൽ വസ്ത്രവും ഭക്ഷണവും കൊടുക്കാനും സാധിക്കുന്നതാണ്. ഉദ്യോഗസ്ഥന്മാക്ക് ഈ നാട്ടിലെ അവശജനങ്ങൾ തങ്ങളുടെ സഹോദരന്മാരാണെന്നുള്ള ബോധമുണ്ടായി ഇതു് അവർ സന്മനസ്സോടുകൂടി ചെയ്യുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ട് ഈ വ്യവസ്ഥ ഗവണ്മെൻറു നടപ്പിൽ വരുത്തുകയും അങ്ങനെ ലഭിക്കുന്ന തുക വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന ആളുകളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്യണമെന്നുൽബോധിപ്പിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. JOHN JOSEPH: സർ, ഈ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഇവിടെ ഇംഗ്ലിഷ്വിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ട് ഏകദേശം വർഷത്തിൽപരം ആയിരിക്കുന്നു. അന്നു പ്രമുഖസമുദായങ്ങളായിരുന്ന നായർസമുദായവും സിറിയൻ ക്രസ്ത്യാനിസമുദായവും ആണ് ഈ വിദ്യാഭ്യാസത്തിനായി മുമ്പോട്ടു വന്നിട്ടുള്ളതു്. അതുതന്നെ ഗവണ്മെൻറിൽനിന്നും ഇതിലേക്കു പ്രത്യേകമായി ചെയ്തുകൊടുത്ത ചില സൌജന്യവ്യവസ്ഥകൾകൊണ്ട് ഉണ്ടായിട്ടുള്ളതുമാണ്. ഗവണ്മെൻറു തന്നെ ഓരോ ക്ലാസുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു എല്ലാം സ്റ്റൈപ്പൻറു കൊടുത്തു പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഈ നിലയിൽ കുറേക്കാലത്തേക്കു പ്രോത്സാഹനം ലഭിച്ചപ്പോൾ ഗവണ്മെൻറ് കുറേശ്ശേ കുറേശ്ശയായി ആ സൌജന്യവ്യവസ്ഥകൾ മാറിക്കൊണ്ടുമിരുന്നു. ഇന്നു കൊടുക്കുന്ന ഫീസിന്റെ നാലിലൊന്നു ഫീസുമാത്രമേ അന്നു കൊടുക്കേണ്ടിയിരുന്നുള്ളൂ. പണ്ടത്തെക്കാലത്തു മെട്രിക്കുലേഷൻക്ലാസിൽ ഒരാളിനു

LIBRARY ARCHIVES Kerala Legislative Assembly

ഒന്നേകാൽ രൂപാ മാത്രമേ ഫീസ് ഉണ്ടായിരുന്നുള്ളൂ. പെൻഷൻ പറ്റിയിരിക്കുന്നവരിലും ഇന്നു ഉയന്ന ഉദ്യോഗങ്ങളിൽ ഇരിക്കുന്നവരിൽ പലരും ഇങ്ങിനെയുള്ള സൌജന്യത്തിൽ പഠിച്ചു പാസായവരാണ്. ഇന്ന് ആ നില പോയി അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു ഈ നിലതന്നെ സ്വീകരിച്ചു കൈക്കൊള്ളാവുന്നതാണ്. ഫീസു മാത്രമല്ലാ എല്ലാത്തരത്തിലുള്ള സൌജന്യങ്ങളും അവരുടെ അവശതാപരിഹാരത്തിനായി ചെയ്തുകൊടുക്കണം. അവശസമുദായക്കാർ രാജ്യത്തിൻെറ ഉൽക്കർഷത്തിനായി വേലചെയ്യുന്നവരാകുന്നു. രാജ്യത്തിൻെറ നട്ടെല്ല് അവരാണ്. അതുകൊണ്ട് അവരുടെ നില നന്നാകാതെ രാജ്യത്തിനു ഉൽക്കർഷം ഉണ്ടാകുന്നതല്ല. അതിനാൽ വിദ്യാഭ്യാസസൌകര്യാർത്ഥം ഗവണ്മെൻറിൽനിന്നും എല്ലാവിധസഹായങ്ങളും അവക്കു ചെയ്തുകൊടുക്കേണ്ടതാണ്. ഫീസ്സൌജന്യം ഇന്നു നിലകുന്നുണ്ട്. അതുകൊണ്ടുതന്നെയായില്ല. വളരെ പാവപ്പെട്ട കിടക്കുന്ന കുട്ടികൾക്കു വസ്ത്രവും ഭക്ഷണവും പുസ്തകങ്ങളും സ്ലേറ്റും മറ്റും കൊടുത്തു അവരെ പഠിപ്പിക്കണം. മാതാപിതാക്കന്മാക്കു കിട്ടിവരുന്ന കൂലി കുടിവന്നാൽ നാലുചക്രമാണ്. ഈ കൂലി അവരുടെ പകുതി വിശപ്പു മാറുന്നതിനു പോലും പര്യാപ്തമല്ലാത്തസ്ഥിതിക്കു വിദ്യാഭ്യാസത്തിനുവേണ്ടി അവക്ക് എങ്ങിനെ ചെലവിടാൻ കഴിയും? അതുകൊണ്ടു മുതലാളിമാരായി കുറേ തൽ കൃഷിസ്ഥലങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുകയും ഇവരെക്കൊണ്ടു വേലയെടുപ്പിച്ച് ആദായം അനുഭവിക്കുകയും ചെയ്യുന്ന ആളുകളിൽ നിന്നു ഒരു കരം ഇടാക്കി ആ തുക ഇവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി വിനിയോഗിച്ചാൽ കൊള്ളാമെന്നും എനിക്ക് അഭിപ്രായമുണ്ട്. മുൻപു പറഞ്ഞതുപോലെ മതവ്യത്യാസം നോക്കാതെ ധനവാന്മാരിൽനിന്നും ഈ കരം ഈടാക്കണം. അവശസമുദായക്രൈസ്തവാനികളെ ഈ സൌജന്യങ്ങളിൽനിന്നും ഒഴിച്ചുനിറുത്താൻപോകുന്നു എന്നൊരു കിംവദന്തി ഉണ്ട്. മതം മാറിയതുകൊണ്ട് വിദ്യാഭ്യാസം അവക്കു വർദ്ധിച്ചിട്ടില്ല. ധനസ്ഥിതിയും വർദ്ധിച്ചിട്ടില്ല. ഗവണ്മെൻറ് ഈ കാര്യത്തിൽ മതം നോക്കേണ്ട ആവശ്യമില്ല. ക്രൈസ്തവനും ഹിന്ദുവും മുസൽമാനും മഹാരാജാവു തിരുമനസ്സിലെ പ്രജകളാണ്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ നിന്നും ഒരു സംഖ്യ ഈടാക്കി ഇതിനുവേണ്ടി വിനിയോഗിക്കണമെന്നു ബഹുമാനപ്പെട്ട ഒരു മെമ്പർ പറയുന്നതു കേട്ടു. വിരോധമില്ല. അതോടുകൂടി ഈ തരത്തിലും ഒരു കരം പിരിച്ചെടുത്തു അവശസമുദായങ്ങളുടെ വിദ്യാഭ്യാസം മതവ്യത്യാസമെന്യേ ചെയ്യിപ്പിക്കുന്നതിനായി വിനിയോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. John Joseph]

ഗിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു.

MR. KAVIYOOR K. K. KOCHUKUNJU: സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. സാമുദായികമായും രാഷ്ട്രീയമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും അനവധി അസമത്വങ്ങൾ അനുഭവിച്ചു ഞെരുങ്ങി ഞെരുങ്ങിക്കൊണ്ടിരിക്കുന്ന എന്റെ സമുദായത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കസ്ഥിതിയെക്കുറിച്ച് ഏതാനും ചില സംഗതികൾ ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളെപ്പോലെ അവശതകൾ അനുഭവിച്ചുകൊണ്ടിരുന്ന സമുദായക്കാർക്കു കിട്ടിക്കൊണ്ടിരിക്കുന്ന ഫീസ് സൌജന്യങ്ങൾ ആ കാലത്തു ഞങ്ങൾക്കു ലഭിച്ചിരുന്നില്ല. ൧൯൨൦ കുംഭമാസം ൧൨-ാംനു ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ച ഒരു ആർഡർ അനുസരിച്ചാണ് ഇംഗ്ലീഷ് സ്കൂളുകളിൽ ഞങ്ങൾക്കു ഫീസ് സൌജന്യം ലഭിച്ചതു്. എന്നാൽ തൊഴിൽകൊണ്ടോ ജീവിതവൃത്തികൊണ്ടോ യാതൊരു വ്യത്യാസവും ഇല്ലാത്തവരും ദേശഭേദം അനുസരിച്ചുമാത്രം വിവിധനാമങ്ങളാൽ അറിയപ്പെടുന്നവരുമായ ഞങ്ങൾക്കു പരക്കെ ആ സൌജന്യം അനുഭവിക്കുവാൻ മേല്പറഞ്ഞ ആർഡർകൊണ്ടു സാധ്യമല്ലാതെയാണിരിക്കുന്നതു്. ഞങ്ങളുടെ സമുദായത്തിലുള്ളവരുടെ സാമ്പത്തികനില ഏതുവിധത്തിലിരിക്കുന്നു എന്നു അധികൃതന്മാർ വേണ്ടതുപോലെ മനസിലാക്കാതെ ചിലക്കു ഫീസ് സൌജന്യം അനുവദിക്കുകയും മറുചിലക്കു് അനുവദിക്കാതിരിക്കയുമാണു ചെയ്തിരിക്കുന്നതു്. വിദ്യാഭ്യാസനിലയിലും സാമ്പത്തികാവസ്ഥയിലും കേവലം അധഃപതിച്ച ഒരു സമുദായമാണ് ഞാൻ പ്രതിനിധീകരിക്കുന്ന സമുദായം. ഈ നാട്ടിലെ അവശസമുദായങ്ങളുടെ നാനാവിധമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നതിനു തയ്യാറുള്ള ബഹുമാനപ്പെട്ട ഗവണ്മെൻറു് ഞങ്ങൾക്കും ഞങ്ങളെപ്പോലെ അവശതയനുഭവിക്കുന്നവർക്കും സാരമായ ആനുകൂല്യങ്ങൾ ചെയ്തുതരുമെന്നു ഞാൻ മനഃപൂർവ്വമായിവിശ്വസിക്കുന്നു. അതിനാൽ വർണ്ണവസമുദായത്തിനു വിദ്യാഭ്യാസപരമായ എല്ലാ ആനുകൂല്യങ്ങളും ചെയ്തുതരണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. R. NARAYANAN: സർ, ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. തിരുവിതാംകൂറിലെ ആകെയുള്ള വിദ്യാഭ്യാസത്തിന്റെ ശതമാനം നോക്കിയാൽ അക്ഷരാഭ്യാസമുള്ളവരുടെ എണ്ണം ൫.൦% ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു നമ്മുടെ അയൽരാജ്യമായ കൊച്ചിയിലെക്കാളും കുറവാണ്. പിന്നോക്കസമുദായങ്ങളുടെ കഥയെ പ്രത്യേകമെടുത്തു പറയാതിരിക്കുകയാണു ഭേദം. അധഃകൃതവർഗ്ഗക്കാരെന്നോ പിന്നോക്ക സമുദായമെന്നോ പറയുന്ന ആളുകളുടെ വിദ്യാഭ്യാസപരമായ നില ഉയർന്നില്ലെങ്കിൽ ഏതു രാജ്യത്തിന്റെയും കഥ പരിതാപകരമായിരിക്കുകയേയുള്ളൂ. ബ്രിട്ടീഷ് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ആകട്ടെ, ഇവിടത്തെ ഓരോ നാട്ടുരാജ്യങ്ങളെ സംബന്ധിച്ചിടത്തോളമാകട്ടെ അക്ഷരജ്ഞാനശൂന്യരായ ജനങ്ങൾ അതാതു രാജ്യങ്ങളുടെ കഴുത്തിൽ കെട്ടിയിട്ടിരിക്കുന്ന അമ്മിക്കല്ലുകൾപോലെ കിടക്കുകയാണ്. ഈ ദയനീയസ്ഥിതി വളരെ വേഗത്തിൽ മാറേറണ്ടിയിരിക്കുന്നു. സ്റ്റാത്താംകമ്മിറ്റി റിപ്പോർട്ടു ഇതിനുവേണ്ടി പല നിർദ്ദേശങ്ങളും തിരുവിതാംകൂറിനു കൊടുത്തിട്ടുണ്ട്. ഗവണ്മെൻറു കമ്മറ്റികളുണ്ടാക്കി റിപ്പോർട്ടുകൾ വരുത്തുക എന്നുള്ളതു സർവസാധാരണമായി ചെയ്യുന്ന ഒരു നടപടിയാണ്. എന്നാൽ അതിനനുകൂലമായ ഒരു തീരുമാനം ഉണ്ടാക്കി അതിൽപ്പറയുന്ന കാര്യങ്ങൾ നടപ്പിൽവരുത്താനുള്ള കാലതാമസമാണ് ഇവിടെ കാണുന്ന ഒന്നാമത്തെ വിഷമം. മേൽപറഞ്ഞ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഇതുവരെ നടപ്പിൽവരുത്താതിരിക്കയാണ്. അവശസമുദായങ്ങളുടെ വിദ്യാഭ്യാസപരമായ അഭ്യുന്നതിക്കുവേണ്ടി ഇവിടെ ഒരു പഞ്ചവത്സര പദ്ധതി ഉണ്ടാക്കണം. ഒന്നാമത്തെ കൊല്ലത്തിൽ വിദ്യാഭ്യാസനിലവു ഇരുശതമാനം ഉയർത്തണമെന്നും രണ്ടാമത്തെ കൊല്ലത്തിൽ ഇരു ശതമാനം ഉയർത്തണമെന്നും മൂന്നാമത്തെകൊല്ലത്തിൽ ഇരു ശതമാനം ഉയർത്തണമെന്നും നാലാമത്തെ കൊല്ലത്തിൽ ഇരു ശതമാനം ഉയർത്തണമെന്നും അഞ്ചാമത്തെ കൊല്ലത്തിൽ ഇരുശതമാനം ഉയർത്തണമെന്നും ക്ലിപ്തപ്പെടുത്തിയ വ്യക്തമായ ഒരു കാര്യപരിപാടി ഗവണ്മെൻറിനു ഉണ്ടായിരിക്കണം. അതനുസരിച്ചു് പ്രവർത്തിച്ചു് മുന്നോട്ടുപോയാൽ അഞ്ചാമത്തെ കൊല്ലത്തിൽ പിന്നാക്കം നിൽക്കുന്ന സമുദായത്തിൽ നിന്നും അഞ്ചുപേരെ എങ്കിലും ബി. എ. ക്കാരായി ലഭിക്കുവാൻ സാധിച്ചിരിക്കണം. അങ്ങിനെയുള്ള ഒരു കാര്യപരിപാടി അനുസരിച്ചു ഗവണ്മെൻറു പ്രവർത്തിക്കുന്നപക്ഷം അവർക്കു് എന്തെങ്കിലും പ്രയോജനമുള്ള കാര്യം ചെയ്തുകൊടുത്തു എന്നു പറയാൻ കഴിയും. അതിനായി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞ തരത്തിലുള്ള പദ്ധതി സ്വീകരിച്ചാലും തരക്കേടില്ല, മറേറതുതരത്തിലുള്ളതായാലും തരക്കേടില്ല, ഒരു കാര്യക്ഷമമായ കാര്യപരിപാടി ഉണ്ടായിരിക്കണം. ഈ രാജ്യത്തിന്റെ രക്തനാഡികൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

അവരാണെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. അവരുടെ നില ഉയർത്തുന്നില്ലെങ്കിൽ അതു ഈ രാജ്യലക്ഷ്മിയുടെ മുഖത്തു കരിതേയ്ക്കുന്നതിനു് തുല്യമായിരിക്കുമെന്നു മനസ്സിലാക്കി അവരുടെ വിദ്യാഭ്യാസാഭ്യുദയത്തിനുവേണ്ടി ഗവണ്മെൻറു വളരെ വ്യക്തമായും പ്രവർത്തനോൻമുഖമായും ഉള്ള ഒരു പദ്ധതി അംഗീകരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു വളരെ സന്തോഷപൂർവം ഞാൻ ഈ ഉപക്ഷേപം പിൻതാങ്ങുന്നു.

MR. E. E. PANDARATHIL: I support the motion before the House. I beg to point out here that it is especially in education that the Namboodiri Brahmins can be in the fullest sense called backward, although by the enlightened and generous policy pursued here earlier than in the sister State of Cochin we have improved much better than our neighbours. Still, Sir, the progress that we have made is not sufficient enough to justify us to be called anything else than backward. May I here point out that in Cochin besides the grant of an English Middle School the Namboodiri Brahmins in the High School classes who are certified to be poor or whose Karanavans refuse to support them are given remission of fees. Sir, here too, though Karanavans are more enlightened and less prejudiced and close fisted in the matter of educating their children, still if instances are found where they refuse to support the students, I would request the Government to extend here also the charity that is shown in Cochin.

MR. N. RAMAKRISHNA PILLAI: I understand that the total number of people belonging to the backward communities will come to about 10 lakhs and it is reasonable therefore to infer that at least one lakh of people will be of the school-going age. The Financial Secretary has told us that an amount of Rs. 63,000 has been set apart for their educational and other needs. I am aware of the fact that another Rs. 25,000 has been budgeted under the head "the uplift of the backward communities." I submit that these amounts are hardly sufficient for the object in view. This is the time when on account of the emancipation of these people from their social and religious restraints any kind of active help would be most welcome and useful and opportunity should therefore be availed of to proceed upon a very liberal programme for their uplift. It seems to me that the total amount provided for for the amelioration of the backward communities is hardly sufficient and a more liberal grant should therefore be provided for at the earliest possible opportunity. With these words I support the motion.

MR. K. P. KOCHUKORA TARAKAN: സർ, ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. പിന്നാക്കം നിൽക്കുന്ന സാധുക്കളായ ജനങ്ങൾക്കു് ഗവണ്മെൻറിൽനിന്നും വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണു് ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസത്തിനുവേണ്ടി ഗവണ്മെൻറ് അനേകലക്ഷം രൂപാ ചെലവിടുന്നുണ്ട്. എന്നാൽ ഏതാനും കാലങ്ങൾക്കുമുമ്പ് സ്ഥാപിച്ചിരിക്കുന്ന കെട്ടിടങ്ങളെക്കൊണ്ടു തന്നെയാണ് ഈ ജനപ്പെരുപ്പമുള്ള സമയത്തും ഗവണ്മെൻറ് സ്കൂളുകൾ നടത്തിപ്പോരുന്നത്. എട്ടോൻപതു വയസ്സു പ്രായമുള്ള കുട്ടികളെ കന്നുകാലികളെ തൊഴുത്തുകളിൽ അടച്ചു സൂക്ഷിക്കുന്നതുപോലെയാണ് അതിലിരുത്തി പഠിപ്പിക്കുന്നത്. അവശസമുദായത്തിൽപെട്ട കുട്ടികൾക്ക് ആഹാരത്തിൻെറ കുറവുകൊണ്ട് പകൽ സമയങ്ങളിൽ സ്കൂളുകളിൽ പോകുന്നതിന് നിവൃത്തിയില്ല. എന്തെന്നാൽ അവരവരുടെ ആഹാരത്തിനു വേണ്ടിയെങ്കിലും അവർ ജോലിക്കു പോകേണ്ടിയിരിക്കുന്നു. അതിനാൽ അവർക്കു ക്രമേണ പുതിയ സ്കൂളുകൾ സ്ഥാപിച്ചുകൊടുക്കണം. ജോലിക്കു പോകുന്നവർക്കു മണിയാകാതെ അവരുടെ വാസസ്ഥലത്തു വന്നു പഠിക്കാൻ നിവൃത്തിയില്ല. ഏഴു മണിമുതൽ ൻ മണിവരെയോ അല്ലെങ്കിൽ പത്തു മണിവരെയോ ക്ലാസ്സ് നടത്തത്തക്കവണ്ണം പുതിയ സ്കൂളുകൾ സ്ഥാപിച്ച് നിർബന്ധപൂർവം ശ്രമിച്ചാൽ നാലുകൊല്ലംകൊണ്ട് താഴ്ന്ന വർഗ്ഗക്കാരിൽനിന്നും അൻപതുശതമാനം പേരെയെങ്കിലും അക്ഷരജ്ഞാനമുള്ളവരാക്കിത്തീർക്കാൻ കഴിയുന്നതാണ്. പുതിയ സ്കൂൾ വിദ്യാഭ്യാസത്തിനു ഞാൻ ശ്രമിച്ചുവരുന്നുണ്ട്. ഇപ്പോഴത്തെനിലക്കു ഒരു വലിയവിഷമം അതിനുണ്ട്. ഗവണ്മെൻറ് പറയുന്നതരത്തിൽ ഫീസിയൊരു സംഖ്യ ചെലവാക്കി കെട്ടിടങ്ങൾ ഉണ്ടാക്കുവാൻ വളരെ പ്രയാസമാണ്. ഉരുണ്ടു വീഴാതിരിക്കത്തക്ക നിലയിലുള്ള ടെമ്പററി ഷെഡുകൾ മതിയെന്നുവയ്ക്കണം. അല്ലെങ്കിൽ ഗവണ്മെൻറ് വെർണാകുലർ സ്കൂളുകൾ മതി എന്നു തീർച്ചയാക്കണം. അതിലേക്കു ഇപ്പോഴുള്ള അദ്ധ്യാപകന്മാക്ക് ഒരു അലവൻസുകൂടെ കൊടുത്തു അവരെക്കൊണ്ടു പഠിപ്പിയ്ക്കുകയോ അല്ലെങ്കിൽ പുതിയ അദ്ധ്യാപകന്മാരെ ക്രമേണയായി പ്രത്യേകവ്യവസ്ഥയിന്മേൽ നിയമിച്ചുനടത്തുകയോ പുതിയതായി പുതിയ സ്കൂളുകൾക്കു ഗ്രാൻറുകൊടുത്തു നടത്തിക്കുകയോ ചെയ്യണം. അങ്ങനെ ചെയ്യുകിൽ മാത്രമേ താഴ്ന്നജാതിക്കാരുടെ വിദ്യാഭ്യാസനിലക്കു എന്തെങ്കിലും അഭിവൃദ്ധിയുണ്ടാവുകയുള്ളൂ.

MR. K. R. NARAYANAN: "താഴ്ന്നജാതിക്കാർ" എന്നുള്ള പദം ദയവുചെയ്തു ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കുമോ?

MR. K. P. KOCHUKORA TARAKAN: അവശസമുദായങ്ങളെ ഉദ്ദേശിച്ചാണ് ഞാൻ ആ വാക്കു ഉപയോഗിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN: വിദ്യാഭ്യാസത്തിൽ താഴ്ന്ന കിടക്കുന്നവർ എന്ന അർത്ഥത്തിലല്ലേ "താഴ്ന്നജാതിക്കാർ" എന്ന പറഞ്ഞത്?

MR. K. P. KOCHUKORA TARAKAN: വിദ്യാഭ്യാസത്തിലും സമുദായസ്ഥിതിയിലും മറ്റു പലതിലും താഴ്ന്നകിടക്കുന്നവരെ ഉദ്ദേശിച്ചാണു ഞാൻ ആ പദം ഉപയോഗിച്ചത്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി നൈറ്റു സ്കൂളുകൾ വേണമെന്നു ഞാൻ പറയുന്നില്ല. അതിലേക്കു ഗ്രാൻറു കൊടുത്തും ഹോസ്റ്റലുകൾ ഏർപ്പെടുത്തിയും ഫീസുസൗജന്യവ്യവസ്ഥ നടപ്പിൽവരുത്തിയും പുസ്തകങ്ങൾ വാങ്ങുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തും സഹായിച്ചാൽ മാത്രം മതിയാകുന്നതാണ്. എന്നാൽ ഞാൻ മുൻപു പറഞ്ഞ മാതിരിയിൽ നൈറ്റു സ്കൂളുകളും മറ്റും ഏർപ്പെടുത്തി അവശസമുദായക്കാരുടെയിടയിൽ പ്രൈമറി എഡ്യൂക്കേഷൻ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവണ്മെൻറു ശ്രമിക്കേണ്ടതാണ്. ഈ കാലസ്ഥിതിക്കു അവനവൻറെ മാതൃഭാഷയിലെങ്കിലും ഒന്നെഴുതുന്നതിനൊ വായിക്കുന്നതിനൊ അറിഞ്ഞിരിക്കേണ്ടതു മനുഷ്യജീവിതത്തിനു അത്യാവശ്യമായി തീർന്നിരിക്കുന്നു. അതുകൊണ്ടു നൈറ്റുസ്കൂളുകൾ സ്ഥാപിച്ചുനടത്തുന്നതിനു ഗവണ്മെൻറു ഒരു നല്ലസംഖ്യ ഗ്രാൻറായി കൊടുക്കണം. ഞാൻ നൈറ്റുസ്കൂളുകൾ പ്രത്യേകം വേണമെന്നു പറയുന്നതിൻറെ പ്രധാനകാരണം വേറൊന്നാണ്. പണ്ടത്തെ ഗ്രാൻറുസ്കൂളുകളിലും ഗവണ്മെൻറുസ്കൂളുകളിലും അവശസമുദായത്തിൽപ്പെട്ടവരെ പ്രവേശിപ്പിക്കുന്നതിനു ഇപ്പോൾ അവിടെയിരിക്കുന്ന അദ്ധ്യാപകന്മാർ കാണിക്കുന്ന വൈമുഖ്യം വളരെ വലുതാണ്. താഴ്ന്നജാതിക്കാരെ പ്രവേശിപ്പിക്കാൻ അവർ വളരെ മടി കാണിക്കുന്നു. അതിനാൽ അവശസമുദായത്തിൽപ്പെട്ട കുട്ടികളെയും പ്രശസ്ത സമുദായത്തിൽപ്പെട്ട കുട്ടികളെയും തമ്മിൽ യാതൊരു വ്യത്യാസവുംകൂടാതെ സ്കൂളുകളിൽ പ്രവേശിപ്പിക്കത്തക്കവണ്ണം വേണ്ട നിർബന്ധവ്യവസ്ഥകൾ ഏർപ്പെടുത്തണമെന്നും ക്രമേണയായി നൈറ്റുസ്കൂളുകൾ ഗവണ്മെൻറിൽനിന്നു സ്ഥാപിച്ചും പ്രൈവറ്റു ഏജൻസികളെക്കൊണ്ടു സ്ഥാപിപ്പിച്ചു ഗ്രാൻറുകൊടുത്തു പ്രോത്സാഹിപ്പിച്ചും നടത്തിയും അവശസമുദായങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ കാര്യമായി പ്രവൃത്തിക്കണമെന്നാപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. N. VELU ACHARI : സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം അവരെ നന്നാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസവിഷയത്തിൽ വേണ്ട സഹായം ചെയ്യണമെന്നുള്ളതു് പ്രതിപാദിക്കുന്നതിനാണു് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. എന്റെ സമുദായമായ വിശ്വകർമ്മസമുദായവും വിദ്യാഭ്യാസവിഷയത്തിൽ വളരെക്കാലം മുമ്പുമുതൽതന്നെ പിന്നോക്കംനില്ക്കുന്ന ഒരു സമുദായമായിരുന്നു. ഇപ്പോഴും മറു സമുദായങ്ങളെ അപേക്ഷിച്ചു് അവർ വളരെ പിന്നോക്കമാണു്. വിദ്യാഭ്യാസവിഷയത്തിൽ ഇവർക്കുള്ള പ്രോത്സാഹനക്കുറവോ അവരുടെ ധനക്കുറവോകൊണ്ടു് സ്കൂളുകളിൽ പ്രവേശിക്കാനോ പഠിക്കാനോ ഉള്ള സൌകര്യം അവർക്കു ഉണ്ടായില്ല. തൊഴിലിൽ അവർ വളരെ വിദഗ്ദ്ധന്മാരാണെന്നു കാണാമെങ്കിലും അതുകളെ പരിഷ്ക്കരിച്ചു പ്രവർത്തിക്കുന്നതിനുള്ള മനഃസ്ഥിതി അവർക്കുണ്ടായിട്ടില്ല. അതു വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടുമാത്രം വന്നിട്ടുള്ളതാണു്. അവർക്കു അല്പം വിദ്യാഭ്യാസമുണ്ടാകുന്നപക്ഷം അവരുടെ തൊഴിലിനെ ക്രമപ്രവൃദ്ധമായവിധത്തിൽ അഭിവൃദ്ധിപ്പെടുത്താൻകഴിയും. ഇന്നു അന്യരാജ്യങ്ങൾ അഭിനന്ദിക്കത്തക്കവണ്ണം ഇവർക്കു് ചിത്രകലാവൈദഗ്ദ്ധ്യം ഉണ്ടെങ്കിലും ജനങ്ങൾക്കു് ഉപയോഗപ്രദമായ സാമാനങ്ങൾ വേണ്ടുന്നതെല്ലാം നമ്മുടെ നാട്ടു് അന്യരാജ്യങ്ങളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇവർക്കു ശരിയായ—തികച്ചും—പ്രാഥമികവിദ്യാഭ്യാസമുണ്ടെങ്കിൽ അതിന്റെ ആവശ്യം വരികയില്ലായിരുന്നു. എന്നാൽ എല്ലാവരേയും പഠിപ്പിക്കുന്ന വിഷയത്തിൽ കൂടുതൽ ചിലവുചെയ്യണമെന്നുവരുമ്പോൾ ഗവണ്മെൻറിനു വിഷമംതോന്നിയേക്കാം. ഇതിനു പലവഴികളും എനിക്കു നിർദ്ദേശിക്കുവാൻകഴിയും. അതിൽ പ്രധാനമായിതോന്നുന്നതു് ഇതാണു്: അതായതു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ താഴ്ന്നക്ലാസുമുതൽ ചെറിയ ചെറിയ ഉപയോഗസാധനങ്ങൾ കൂടിയുണ്ടാക്കാൻ പഠിപ്പിക്കുന്നപക്ഷം അതിൽനിന്നുള്ള വരവു് ഗവണ്മെൻറിനു ആദായകരമായി തീരുന്നതും ഇതുപോലെ അധികം സ്കൂളുകൾ നടത്താൻ കഴിയുന്നതും ആകുന്നു. തൻമൂലം ജനങ്ങൾക്കു ശരിയായ വിദ്യാഭ്യാസം ലഭിക്കുകയും ഒരു വ്യവസായമനഃസ്ഥിതി ഉണ്ടാകുകയുംചെയ്യും. രണ്ടോ മൂന്നോ മണിക്കൂർ സാങ്കേതികപരിശീലനത്തിനും മൂന്നോ നാലോ മണിക്കൂർ വിദ്യാഭ്യാസത്തിനുംവേണ്ടി ചെലവാക്കണമെന്നുള്ള ഒരു വ്യവസ്ഥ ഓരോ സ്കൂളിലും വരുത്തുന്നപക്ഷം പല അഭിവൃദ്ധിയും നമ്മുടെ നാട്ടിനു ഉണ്ടാകാൻ എളുപ്പമുണ്ടു്. ഉദാഹരണമായിട്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achari.]

രണ്ടുമൂന്നുസംഗതികൾ പറയാം. ഒരു ക്ലാസിൽ മുപ്പതു കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. പത്തുരൂപാവീതം വിലയുള്ള പതിനഞ്ചു ബട്ടൺ ഉണ്ടാക്കുന്ന മെഷ്യൻ വാങ്ങിച്ചു ആ ക്ലാസിൽ കൊടുക്കുക. ഫ ഒ കുട്ടികൾ മൂന്നു മണിക്കൂർ സമയം ആ മെഷ്യൻകൊണ്ടു വ്യവസായം നടത്തുകയും അതുകഴിഞ്ഞു അവരെ മാറ്റി വിദ്യാഭ്യാസത്തിന്നായി അയച്ചിട്ടു ബാക്കിയുള്ള പതിനഞ്ചുപേർക്കു ആ മെഷ്യൻ കൊടുക്കുകയും ചെയ്താൽ മുപ്പതു കുട്ടികൾക്കും ഈ മെഷ്യൻ ഉപയോഗപ്പെടുത്താൻ കിട്ടുന്നതാണു്. ബട്ടൺസ് ഇപ്പോൾ അന്യരാജ്യങ്ങളിൽനിന്നും വന്നുമറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു സാധനമാണു്. ബട്ടൺസ് ഉണ്ടാക്കുന്നതിനു് ഉപയോഗമുള്ള കട്ടത്തടിയും ചിരട്ടയും കന്നിൻകൊമ്പും അതുപോലെയുള്ള മറ്റു സാധനങ്ങളും നമ്മുടെ നാട്ടിൽ ധാരാളമുണ്ടു്. ഈ മെഷ്യൻ ഉപയോഗിച്ചു ഈകുട്ടികളെക്കൊണ്ടു ബട്ടൺസ് ഉണ്ടാക്കിക്കുന്നപക്ഷം കൂട്ടിയൊന്നുക്കു് ഒരു ദിവസം അഞ്ചു ബട്ടൺ ഉണ്ടാക്കുമെന്നും ബട്ടൺ ഒന്നിനു നാലുകാശുവിലവച്ചു വില്ക്കാൻകഴിയുമെന്നും വിചാരിക്കുന്നതായാൽ ന ഠ കുട്ടികളുള്ള ഒരുക്ലാസിൽനിന്നും ദിവസംപ്രതി മുപ്പത്തേഴരച്ചക്രം വരവുണ്ടാകുന്നതാണു്. ഇങ്ങനെയുണ്ടാക്കുന്ന ധനംകൊണ്ടു അവക്കു കൂടുതൽ വിദ്യാഭ്യാസം ഉണ്ടാക്കുവാൻകഴിയും. ഇങ്ങനെ നാട്ടിന്റെ നാനാഭാഗത്തുമുള്ള പ്രൈവറ്റുസ്കൂളുകളിലും ഗവണ്മെൻറുസ്കൂളുകളിലും സാങ്കേതികപരിശീലനവുംഏർപ്പെടുത്തുന്നപക്ഷം വിദ്യാഭ്യാസവിഷയത്തിൽ യാതൊരു വിഷമവും കൂടാതെ ചെലവഴിക്കുന്നതിനുള്ള വരവു് അഞ്ചുകൊല്ലംകൊണ്ടു് ഈ സ്കൂളുകളിൽനിന്നുതന്നെ ഉണ്ടാകുന്നതാണെന്നു ഞാൻ ധൈര്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഞാൻ വേറെയും ചില സാധനങ്ങളെപ്പറ്റി പറയാം. ഇതു് നിബ്ബാണു്. അന്യരാജ്യങ്ങളിൽനിന്നും എത്രയോ കോടിരൂപയുള്ള നിബ്ബുകൾ ഇൻഡ്യയിൽ ഇറക്കുമതിചെയ്യുന്നു. ഇതു വളരെചീപ്പായിട്ടു നമുക്കു ഉണ്ടാക്കാം. ഒരു രൂപ വിലയുള്ള ഒരു മെഷ്യനിൽ ചെയ്യുന്ന ഒരു നിബ്ബാണു് ഇതു് (നിബ്ബെടുത്തുകാണിക്കുന്നു) നമുക്കു തൊഴിലില്ലാ, വിദ്യാഭ്യാസമില്ല, എന്നെല്ലാംപറഞ്ഞു നാം വെറുതെ വാദപ്രതിവാദം ചെയ്യുന്നതേയുള്ളൂ. പ്രായോഗികമായി നാം ആരും അതിൽ പ്രവേശിക്കുന്നില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. (പെൻസിൽ എടുത്തുകാണിക്കുന്നു) ഇതു ഒരു പെൻസിലാണു്. ഇവിടത്തന്നെ കണ്ടുപിടിച്ച ഇരുന്നൂറമ്പതു രൂപാ വിലയുള്ള ഒരു മെഷ്യനിൽ ഇവിടെയുള്ള ആളുകൾ ഇവിടത്തന്നെ ചെയ്തുണ്ടാക്കിയിരിക്കുന്ന പെൻസിലാണു് ഇതു്. ഇങ്ങനെ അനേ

LIBRARY ARCHIVES Kerala Legislative Assembly

കതരത്തിലുള്ള സാങ്കേതികവിഷയങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നപക്ഷം തൊഴിലും വിദ്യാഭ്യാസവും ഒരുപോലെ അഭിവൃദ്ധിപ്പെടുന്നതാണെന്നു അറിയിച്ചുകൊണ്ടും വിദ്യാഭ്യാസവിഷയത്തിൽ കമ്മാളർക്കു സഹായമുണ്ടാകണമെന്നു അപേക്ഷിച്ചുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. P. VIVEKANANDAM (*Nominated*): Sir, I support the motion. I thank the Government whole heartedly for the fee concession given to the backward community both in the High Schools and the Colleges.

I would like to invite the attention of Government to another matter. A Labour Commission was appointed in British India to enquire into the needs of the backward communities, especially, the scheduled castes so as to promote the literacy of the people. In Travancore the literacy among the high castes *i. e.*, the Brahmin, the Kshatriya and the Nair comes to about 60 per cent, while among the backward communities it is only 6 per cent. In order to make up the deficiency Government must render aid to these communities. A hostel must be run for the benefit of the backward communities under the supervision of the Protector of Depressed classes giving them clothing, food and books freely. Night schools also should be established. If literacy is spread among these backward communities they will not take to bad habits like drink. Libraries also should be established in suitable centres. If educated and uneducated people go to these libraries the educated people could explain to the uneducated people matters which to a considerable extent raise the social and economic condition of the people. In that way they will be able to improve their life. With these words I support the motion.

MR. S. CHATTANATHA KARAYALAR (*Pattanapuram* cum *Shencotta*): I wish to speak a few words in support of this motion. I want to make special reference to the community known as Maravas. They form a considerable proportion of the population of Shencotta Taluk and probably, in the Tovala and Agastisvaram taluks. Although this community has been classed among the backward communities and certain facilities are available to them, they do not avail themselves of these facilities and they do not take to education to an appreciable extent. The percentage of literacy in this community is very very low. The Madras Government have treated this community as a special community deserving encouragement and they are making special provision for their education.

PRESIDENT: That has been given up now.

MR. S. CHATTANATHA KARAYALAR: I think they are making provision for education in certain places. I request that the department may give special attention to the education of this community which is very backward in education. Special facilities have to be given to this community and I hope that the Department will pay their attention to this matter.

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Chattanatha Karayalar.]

Reference has been made in the course of the debate to the want of facilities for education for the backward communities. No less important than giving such facilities is the necessity for providing facilities for schools in backward areas which are not served either by departmental or aided schools. There are a very few taluks which are not served either by a Departmental or an aided High School. I would specially refer to Pattanapuram Taluk which is one of the taluks very backward in education. There is neither a Departmental High School nor an aided High School in this taluk. There is a High School under private management which is straining every nerve to keep the school going. I would therefore draw the special attention of the department to the necessity of giving special encouragement to this institution and of putting it on a stable and secure financial footing. With these observations, I support the motion.

MR. C. RAMANKUNJU (*Nominated*): സർ, അവശസമുദായത്തിലുള്ള അധികംപേരും കിടക്കുന്നതിനു വീടോ കുടിക്കുന്നതിനു ആഹാരമോ ഇല്ലാത്തവരാണു. അവരുടെ കുടിലുകളിൽ കത്തിക്കുന്നതിനു വിളക്കോ എണ്ണയോ ഒന്നുംതന്നെ ഉണ്ടായിരിക്കുകയില്ല. അത്രമാത്രം കഷ്ടമായ ഒരു നിലയിലാണ് അവർ ജീവിതം കഴിച്ചുകൂട്ടിവരുന്നതു്. അതുകൊണ്ടു വിദ്യാഭ്യാസപരമായ വെറും ഫീസുസൌജന്യം ചെയ്തുകൊടുക്കുന്നതുകൊണ്ടോ പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുന്നതുകൊണ്ടോ അവർക്ക് അടുത്തകാലത്തെങ്കിലും ഉയർന്നതരത്തിലുള്ള വിദ്യാഭ്യാസം സിദ്ധിക്കാൻ കഴിയുകയില്ല. ഈ തരത്തിലുള്ള അവരുടെ ദയനീയസ്ഥിതികണ്ടിട്ടു മദ്രാസ് ഗവൺമെൻറിൽനിന്നും പാഡിസൻ എന്ന പേരിൽ ഒരു ഹോസ്റ്റൽ ഏർപ്പെടുത്തി അവശസമുദായത്തിലുള്ള വിദ്യാർത്ഥികളെ അവിടെ കൊണ്ടുപോയി സകലചിലവുകളും വഹിച്ചു അവിടെ താമസിപ്പിച്ചു വിദ്യാഭ്യാസം ചെയ്യിച്ചു് മുന്നോട്ടുകൊണ്ടുവന്നതിനുശേഷമേ അവശസമുദായത്തിലുള്ള കുറെയാളുകൾക്കെങ്കിലും ഉന്നതവിദ്യാഭ്യാസം സമ്പാദിക്കാൻ സാധിച്ചുള്ളൂ. ആ ഹോസ്റ്റലിൽ പഠിച്ചു ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചു അവശസമുദായത്തിലെ ചില അംഗങ്ങൾ ഇവിടത്തെ പബ്ലിക്ക് സർവീസിലുണ്ട്. വളരെക്കാലമായി, ഇവിടത്തെ അവശസമുദായങ്ങളുടെ വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടി വളരെ പരിശ്രമം ചെയ്തുകൊണ്ടിരിക്കുകയാണു്. എന്നാൽ അവശസമുദായത്തിന്റെ സ്ഥിതി ഇതുവരെയും നന്നായിട്ടില്ല. ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവർ അവരുടെയിടയിൽ വളരെ കുറവാണു്. ഉന്നതവിദ്യാഭ്യാസം സിദ്ധിക്കാതെ ഗവൺമെൻറു സർവീസിൽ ശരിയായസ്ഥാനം ലഭിക്കുകയില്ല എന്നുള്ളതും നി

LIBRARY ARCHIVES Kerala Legislative Assembly

